# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6461 11.07.2012 -ൽ മറുപടിയ്ക്ക്**

**<u>കേരളത്തിൽ സിമിയുടെ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കേരളത്തിലെ സിമിയുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ ;<br><br>ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് സിമിയുടെ പ്രവർത്തനം ഉള്ളതായാണോ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; | (എ) & (ബി) നിരോധിത സംഘടനയായ സിമി സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി റിപ്പോർട്ട നൽകിയിട്ടില്ല. എന്നാൽ സിമിയിൽ പ്രവർത്തിച്ചിരുന്ന ആളുകളിൽ ചിലർ അവരുടെ ആശയങ്ങൾക്കും പ്രവർത്തനോദ്ദേശ്യത്തിനും മാറ്റം വരുത്താതെതന്നെ മറ്റു പല സംഘടനകളിലൂടെയും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അൺലോഫുൾ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് പ്രകാരം രൂപീകരിച്ച ട്രൈബ്യൂണൽ മുൻപാകെ, സംസ്ഥാന സർക്കാരിനുവേണ്ടി ആഭ്യന്തര സുരക്ഷാ വിഭാഗം സിമിയുടെ നിരോധനം തുടരണമെന്നാവശ്യപ്പെട്ട് സത്യവാങ്മൂലം നൽകിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് നടന്നിട്ടുള്ള ഏതെല്ലാം പ്രവർത്തനങ്ങളിൽ പ്രസ്തുത സംഘടനയ്ക്ക് പങ്കുള്ളതായാണ് വിവരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) ഈ സംഘടന 2001 - ൽ നിരോധിക്കപ്പെട്ടശേഷം ഏതെങ്കിലും പ്രവർത്തനങ്ങളിൽ നേരിട്ട് ബന്ധപ്പെട്ടതായി വിവരമില്ല. |

സെക്ഷൻ ഓഫീസർ